LIBRARY ARCHIVES Kerala Legislative Assembly

മദ്യനയം

41 [1048] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വർഷത്തെ മദ്യനയം സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; മദ്യനയം പ്രഖ്യാപിക്കുന്നതിനു മുമ്പായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി). കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ; നിർത്തലാക്കിയ കള്ള് ഷാപ്പുകൾ പുനഃസ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) 2004-05 വർഷത്തെ മദ്യനയം സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ ചർച്ചകൾ സംഘടനകളുമായും മറ്റും നടന്നുകൊണ്ടിരിക്കുന്നു.

അബ്കാരി രംഗത്തുനിന്ന് ലഭിച്ച നികുതികൾ

42 [1044] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും അബ്കാരി രംഗത്തുനിന്ന് ലഭിച്ച നികുതികളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ അബ്കാരി നികുതി ഇനത്തിൽ മൊത്തം എന്തു തുക ലഭിക്കുമെന്നായിരുന്നു ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്; ലഭിച്ചതെത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) ബിവറേജസ് കോർപ്പറേഷൻ 2001, 2002, 2003, 2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപയ്ക്കുള്ള എത്ര അളവ് മദ്യം വിൽക്കുകയാണുണ്ടായതെന്നും അതുവഴി കോർപ്പറേഷനും, സർക്കാരിനും ഉണ്ടായ വരുമാനം സംബന്ധിച്ചും ഉള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും അബ്കാരി രംഗത്തുനിന്ന് ലഭിച്ച നികുതികളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

2001-02	..	534.09 കോടി രൂപ
2002-03	..	656.48 ,,
2003-04-ൽ 31-12-2003 വരെ	..	423.33 ,,